(ബി) ഇതുസംബന്ധിച്ച് നിയമസഭാ സാമാജികർ ഉൾപ്പെടെയുള്ളവരുടെ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(സി) പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓഫീസുകളും തസ്തികകളും ഏതെല്ലാമാണ്; പ്രൊപ്പോസലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ സാമജികരുൾപ്പെടെയുള്ളവർ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ പുതിയ കാര്യാലയങ്ങൾ വിവിധ വിഭാഗങ്ങളിലായി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് വിശദമായ ശിപാർശ സർക്കാരിൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി എത്രയും വേഗം പുതിയ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ചീഫ് എഞ്ചിനീയറിൽനിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഇരുമ്പിളിയം ആയുർവേദ ആശുപത്രി

17(2373) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പിളിയം ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഇരുമ്പിളിയം ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 10/2020-ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൂർത്തീകരണ കാലാവധിയായ ഒക്ടോബർ 2021-നുള്ളിൽ തീർക്കാൻ അടിയന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly